**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1448** **08-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ അമിത മൊബൈൽ ഉപയോഗവും ഓൺലൈൻ ഗെയിമുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സമയത്ത് ഓൺലൈൻ ക്ലാസുകൾക്കായി മൊബൈൽ ഫോൺ ലഭിച്ചതു മുതൽ നല്ലൊരു ശതമാനം കുട്ടികളിലും മൊബൈൽ ഫോൺ അഡിക്ഷൻ ഉണ്ടായതായും പബ്ജി, ഫ്രീ ഫയർ, ഓൺലൈൻ റമ്മി പോലുള്ള പണം വെച്ചുള്ള ഗെയിം കളികൾ വർദ്ധിച്ചതായും പല കുട്ടികളും ഇക്കാരണങ്ങളാൽ ആത്മഹത്യ ചെയ്തതായും ഉള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | മൊബൈൽ ഫോണിനോടുള്ള കുട്ടികളുടെ അഭിനിവേശം വർദ്ധിച്ചിട്ടുണ്ട് എങ്കിലും നല്ലൊരു ശതമാനം കുട്ടികളിലും അഡിക്ഷൻ ഉണ്ടായതായി പഠനങ്ങളോ തെളിവുകളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2021-22 കാലഘട്ടത്തിൽ കോവിഡ് കാലത്തെ കേരളത്തിലെ സ്കൂൾ കുട്ടികളുടെ അക്കാദമികവും സാമൂഹിക- വൈകാരികവുമായ അവസ്ഥയെക്കുറിച്ച് എസ്.സി.ഇ.ആർ.ടി. പഠനം നടത്തിയിരുന്നു. ആത്മഹത്യ ചെയ്ത കുട്ടികളുടെ വിവരശേഖരണവും അതിന്റെ കാരണങ്ങൾ അന്വേഷിക്കലും ഈ പഠനത്തിന്റെ ഭാഗമായി നടന്നിരുന്നു. മൊബൈൽ ഫോൺ അഡിക്ഷനോ ഓൺലൈൻ ഗെയിമോ ആത്മഹത്യയ്ക്ക് കാരണമായതായി ആ പഠനത്തിൽ കണ്ടെത്തിയിരുന്നില്ല. |
| (ബി) | കുട്ടികൾക്കിടയിലെ മൊബൈൽ ഉപയോഗം പബ്ജി, ഫ്രീ ഫയർ, മരണ ഗെയിം തുടങ്ങി ഓൺലൈൻ റമ്മി പോലുള്ള പണം വെച്ചുള്ള ഗെയിം കളികളും , ഓൺലൈൻ കുറ്റകൃത്യങ്ങളും തടയുന്നതിനായും കുട്ടികളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും, മൊബൈൽ ഫോൺ അഡിക്ഷൻ ഇല്ലാതാക്കുന്ന തിനും സ്കൂൾ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | കോവിഡ് കാലയളവിൽ ഡിജിറ്റൽ ക്ലാസ്സുകളും ഓൺലൈൻ ക്ലാസുകളും പരമാവധി കുട്ടികൾക്ക് ലഭ്യമാക്കുന്നതിനാണ് ലാപ്ടോപ്പും മൊബൈൽ ഫോണും ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കിയത്. ഉപകരണങ്ങൾ വിതരണം ചെയ്തപ്പോഴും പിന്നീടും കുട്ടികൾ എങ്ങനെ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കണം എന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും അവബോധ ക്ലാസുകളും കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ സ്കൂൾ കുട്ടികൾക്ക് തുടർന്നും ക്ലാസുകൾ നൽകിയിട്ടുണ്ട്.<br><br>മൊബൈൽ ഫോണിന്റെ വിവേചന പൂർണമല്ലാത്ത ഉപയോഗം പലതരം പ്രശ്നങ്ങൾക്കും കാരണമാകുമെന്നതിനാൽ ശരിയായ മൊബൈൽ ഫോൺ, ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് കുട്ടികൾക്ക് മാത്രമല്ല രക്ഷിതാക്കൾ, അധ്യാപകർ |

| | | | |
|---|---|---|---|
| | | | എന്നിവർക്കും ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ എസ്.സി.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ സേഫ്, ഹെൽത്തി ആന്റ് ഹാപ്പി സ്കൂൾ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ട്രൈ ഔട്ട് എന്ന നിലയിലാണ് ഇപ്പോൾ പദ്ധതി നടത്തിയിട്ടുള്ളത്.<br><br>ആരോഗ്യകരമായ മൊബൈൽ ഫോൺ, ഇന്റർനെറ്റ് ഉപയോഗശീലം വളർത്തുന്നതിനും ചതിക്കുഴികൾ ബോധ്യപ്പെടുത്തുന്നതിനുമായി വലയ്ക്കുള്ളിൽ വലയാതെ എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. റഫറൻസ് പുസ്തകം തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ സംസ്ഥാനത്ത് കുട്ടികളിൽ പ്രേത്യേകിച്ച് ഹയർ സെക്കണ്ടറി വരെയുള്ള കുട്ടികൾ മൊബൈൽ ഓൺലൈൻ ഗെയിം കളിക്കുന്നത് നിയമം മൂലം നിരോധിക്കുന്നതിനും സ്കൂളുകളിൽ ബോധവൽക്കരണവും കൗൺസിലിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ